മൂലധന ചെലവിൽ വരുത്തിയ കുറവ്

8 (1060) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷത്തേക്ക് നീക്കിവച്ചിട്ടുള്ള മൂലധന ചെലവ് എത്രയാണ് ;

(ബി) കഴിഞ്ഞ വർഷത്തേക്കാൾ പ്രസ്തുത ഇനത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വരുത്തിയിട്ടുള്ള കുറവ് എത്രയാണ് ;

(ഡി) ഏതെല്ലാം മേഖലകളിലാണ് മൂലധന ചെലവ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തിന്റെ പദ്ധതി നടത്തിപ്പിൽ ഇത് എപ്രകാരം പ്രതിഫലിക്കുമെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 592.64 കോടി രൂപ.

(ബി) ഉണ്ട്.

(സി) 75.27 കോടി രൂപ കുറവ് വന്നിട്ടുണ്ട്.

(ഡി) പ്രധാനമായും ചെറുകിട ജലസേചനം, വ്യവസായം, പൊതുമരാമത്ത് തുടങ്ങിയ മേഖലകളിലാണ് കുറവ് വന്നിട്ടുള്ളത്.

(ഇ & എഫ്) സംസ്ഥാനത്തെ പദ്ധതിനടത്തിപ്പിനു വേണ്ടിയുള്ള തുകകളിൽ കുറവ് വരുത്തിയിട്ടില്ല. പ്രധാനമായുള്ള കുറവ് കരാറുകാർക്ക് നൽകുവാനുള്ള തുകകളിലാണ്. കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശികയുടെ ഒരു വലിയ പങ്ക് കഴിഞ്ഞവർഷം കൊടുത്തു തീർത്തിട്ടുള്ള സാഹചര്യത്തിലാണ് ഈ ഇനത്തിൽ ഈ വർഷം കുറവ് വന്നിട്ടുള്ളത് ആയതിനാൽ പദ്ധതി നടത്തിപ്പിനെ ഇത് ബാധിക്കുമെന്ന് സർക്കാർ കരുതുന്നില്ല.

വാറ്റ് നടപ്പിലാക്കുന്നതിന്റെ പുരോഗതി

9 (1061) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാല്യൂ ആഡഡ് ടാക്സ് (വാറ്റ്) നടപ്പിലാക്കുന്നതിനു വേണ്ടി സർക്കാർ എന്തൊക്കെ തയ്യാറെടുപ്പുകളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളത് ;

(ബി) വാറ്റ് നടപ്പിലാക്കുന്നതിലൂടെയുള്ള നഷ്ടം നികത്തുന്നത് സംബന്ധിച്ച് കേന്ദ്രവുമായി ഏതെങ്കിലും തരത്തിലുള്ള കരാറിൽ സംസ്ഥാന ഗവൺമെന്റ് ഒപ്പ് വെച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly